(ബി) 1998-99 സാമ്പത്തിക വർഷം 152 ബ്ലോക്ക് പഞ്ചായത്തുകളിൽ കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, ഹൗസിംഗ് ബോർഡ് എന്നിവിടങ്ങളിൽ മാറ്റി വച്ച തുക ഇനി പറയും പ്രകാരമാണ്.

കെ.എസ്.ഇ.ബി.	-	26875857 രൂപ
വാട്ടർ അതോറിറ്റി	-	9119177 രൂപ
ഹൗസിംഗ് ബോർഡ്	-	39724010 രൂപ

ഗ്രാമ പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ മാറ്റിവച്ച തുകയുടെ വിവരം ശേഖരിച്ചുവരുന്നു.

104 (684) ത്രിതല പഞ്ചായത്തുകൾക്ക് ഫണ്ട്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾക്ക് ഈ ഗവൺമെന്റ് നിലവിൽ വന്ന ശേഷം എന്തെല്ലാം ഉപാധിരഹിത ഫണ്ട് നൽകിയിട്ടുണ്ട്;

(ബി) ഈ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള കാലാവധി എത്ര പ്രാവശ്യം ദീർഘിപ്പിച്ചിട്ടുണ്ട്;

(സി) കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം ആണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1996-97-ലെ സംസ്ഥാന ബഡ്ജറ്റിൽ പഞ്ചായത്തുരാജ് സ്ഥാപനങ്ങൾക്ക് അനുവദിച്ച 143 കോടി രൂപയ്ക്ക് പുറമേ സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് 3.04 കോടി രൂപ കൂടി ഉപാധിരഹിത ഫണ്ട് ആയി അനുവദിച്ചിട്ടുണ്ട്.

(ബി) എട്ട്.

(സി) ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ കെട്ടിടം നിർമ്മാണത്തിനാണ് കൂടുതൽ തുകയും അനുവദിച്ചിരിക്കുന്നത്. കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ കാലതാമസം ഉണ്ടായ സാഹചര്യത്തിൽ ആണ് കാലാവധി ദീർഘിപ്പിച്ചു നൽകേണ്ടിവന്നത്.

105 (685) ത്രിതല പഞ്ചായത്തുകൾക്ക് ജനകീയാസൂത്രണ പദ്ധതി പ്രകാരം നീക്കിവച്ച തുക

ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾക്ക് ജനകീയാസൂത്രണ പദ്ധതി പ്രകാരം എന്തു തുക ഓരോ വർഷവും നീക്കിവച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ വർഷവും എന്തു തുക ചെലവഴിച്ചു;

(സി) ചെലവഴിക്കാത്ത തുക ജില്ലാടിസ്ഥാനത്തിൽ വിശദീകരിക്കുമോ;

(ഡി) നടപ്പ് സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ നീക്കിവച്ച തുക എത്രയാണ്; അതിൽ എന്തു തുക നൽകിക്കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

1997-98	-	1025 കോടി രൂപ
1998-99	-	1116 കോടി രൂപ
1999-2000	-	1154.4 കോടി രൂപ

ഇതിൽ ഓരോ വർഷവും യഥാക്രമം 749 കോടി രൂപയും, 950 കോടി രൂപയും 1020 കോടി രൂപയും ഗ്രാന്റായിട്ടാണ് നൽകിയിട്ടുള്ളത്.

(ബി) കണക്കുകൾ ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ 1154.4 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. വിതരണം ചെയ്ത തുകയുടെ വിവരം ശേഖരിച്ചുവരുന്നു.

106 (686) പഞ്ചായത്തുകൾക്ക് ഗ്രാന്റ്

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാമ്പ് ഡ്യൂട്ടി, വി.ടി.സി, വി.ആർ.എം. എന്നീ ഗ്രാന്റുകൾ പ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം എന്ത് തുകയാണ് പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത ഗ്രാന്റുകളിൽ എന്ത് തുക കുടിശ്ശികയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ കുടിശ്ശിക എന്നത്തേക്ക് നൽകാനാവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 75% വിഹിതമായി 55,54,96,891/- രൂപയും 25% വിഹിതമായി റൂറൽ പൂളിൽ ഉൾപ്പെടുത്തി 18,51,65,606/- രൂപയും വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശപ്രകാരം വി.ആർ.എം. ഗ്രാന്റ് വി.ടി.സി.യിൽ ഉൾപ്പെടുത്തിയാണ് വിതരണം ചെയ്യുന്നത്. വി.ടി.സി. ഇനത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം 39,42,00,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ഇനി കുടിശ്ശിക ഇല്ല. വി.ടി.സി.വി.ആർ.എം.ഇനത്തിൽ ഇനി ആകെ 23.85 കോടി രൂപ നൽകാനുണ്ട്.

(സി) ഈ കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly